**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 303** **29-01-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ സബ്സിഡി സാധനങ്ങളുടെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോയിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ട്. അത് പരിഹരിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സബ്സിഡി നൽകുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) | **സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും, നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും കേരള സർക്കാർ 24-11-2023 ലെ സ.ഉ. (സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും യുക്തിസഹമായ രീതിയിൽ സബ്സിഡി വില പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.** |
| (സി) | ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ട് പ്രകാരം എത്ര ശതമാനം വില വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | (ബി) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ